SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/09/2023.

1. വെള്ളാനിക്കര കാർഷിക കോളേജിലെ ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിൽ മാവ്, പ്ലാവ്, കവുങ്ങ്, നാരകം, പാഷൻഫ്രൂട്ട്, അരിനെല്ലി, ആത്തച്ചക്ക, കറിവേപ്പ്, കുരുമുളക്, കുടംപുളി, പേര തൈ എന്നീ മുന്തിയ ഇനം ഫവലൃക്ഷങ്ങളുടെയും പച്ചക്കറികളുടെയും നടീൽ വസ്തുക്കളും ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച വേപ്പിൻകാഷ്ഠവളം, മണ്ണിര കമ്പോസ്റ്റ്, ജൈവവളങ്ങളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 8547760030 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചപുൽച്ചാടികളായി കൃഷിയിടത്തിൽ കളിച്ചുല്ലസിക്കാൻ ഒരു ദിനം തൃശ്ശൂർ, വെള്ളാനിക്കര കേരള കാർഷിക സർവകലാശാല കൃഷി വിജ്ഞാനകേന്ദ്രം (കെ വി കെ) ഒരുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന നമ്പറിൽ ബന്ധപ്പെടുക.

3. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ (കെയ്കോ) കീഴിൽ കൊല്ലം ജില്ലയിലെ പുനലൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ (എ.ഐ.ടി.ഐ) സർക്കാർ അംഗീകാരമുള്ള ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചറൽ മെഷീനറീസ് എന്ന രണ്ട് വർഷത്തെ കെ.ജി.സി.ഇ കോഴ്സിലേയ്ക്ക് അഡ്മിഷൻ തുടരുന്നു. ആധുനിക കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, ആധുനിക കൃഷി രീതികൾ നടപ്പിലാക്കുന്നതിനുമുള്ള പരിശീലനം ഈ കെ.ജി.സി.ഇ കോഴ്സ് -ലൂടെ ലഭ്യമാകുന്ന രീതിയിലാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 0475-2229448, 9567827344, 9847882327 എന്നീ നമ്പറുകളിലോ, www.polyadmission.org/kgce എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

4. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ ഗ്രാമ സമൃദ്ധി പദ്ധതിയുടെ ഭാഗമായി മണർകാട് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമായ ഗ്രാമശ്രീ മുട്ടക്കോഴി കുഞ്ഞുങ്ങളെ ഒന്നിന് 130 രൂപ നിരക്കിൽ 18/09/2023 തിങ്കൾ രാവിലെ 10 മണിയ്ക്ക് വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർ 04812373710 എന്ന ഫോൺ നമ്പരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. കേരള കാർഷിക സർവ്വകാലാശാല വിവിധ കോഴ്സുകളിൽ ഗവേഷണ ബിരുദങ്ങളും സംയോജിത ബിരുദാനന്തര ബിരുദങ്ങളും, ബിരുദാനന്തര ഡിപ്ലോമ കോഴ്സുകൾക്കും അഡ്മിഷൻ നൽകുന്നു. കുമരകത്ത് പുതുതായി ആരംഭിക്കുന്ന കാർഷിക കോളേജിൽ നിന്ന് കാർഷിക ബിരുദവും

സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് നാല്പതോളം സർട്ടിഫിക്കറ്റ് കോഴ്സുകളും പഠിക്കാൻ കേരള കാർഷിക സർവ്വകലാശാല ഇക്കൊല്ലം മുതൽ അവസരം ഒരുക്കുന്നുണ്ട്. ഓഫ് ലൈൻ, ഓൺ ലൈൻ രീതികളിൽ നടക്കുന്ന വിവിധ കോഴ്സുകളുടെ പ്രോസ്പക്റ്റസ്, ഫീസ് ഘടന, സീറ്റുകളുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങൾ അറിയാനും അപേക്ഷകൾ സമർപ്പിക്കാനും http://admnewpgm.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 25/10/2023. കൂടുതൽ വിവരങ്ങൾക്ക് 0487- 2370051 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയുടെ ആഭിമുഘ്യത്തിൽ **തേനീച്ച വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 29 ന് (സെപ്റ്റംബർ 29) പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പറിൽ സെപ്റ്റംബർ 28 നു മുമ്പായി ബന്ധപ്പെടുക.

7. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ **'അലങ്കാര മത്സ്യകൃഷി'** എന്ന വിഷയത്തിൽ 20.09.2023-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയ്യതി 19.09.2023. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0487 2370773

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം സെപ്റ്റംബർ 18 മുതൽ 22 വരെ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18 മുതൽ 30 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ **സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി "ക്ഷീരോൽപന്ന നിർമ്മാണ പരിശീലന പരിപാടി"** ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ സെപ്റ്റംബർ 16ന് വൈകുന്നേരം 5 മണിക്കു മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കായിരിക്കും അവസരം ലഭിക്കുക. രജിസ്ട്രേഷൻ ഫീസ് 135 രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, **0471 2440911** എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 28, 29 തീയതികളിൽ **ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു കൂടുതൽ വിവരങ്ങൾക്ക് 0471 2732918 എന്നാ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

11. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയുടെ ആഭിമുഘ്യത്തിൽ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 19 ന് (സെപ്റ്റംബർ 19) പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പറിൽ സെപ്റ്റംബർ 18 നു മുമ്പായി ബന്ധപ്പെടുക.

12. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം സെപ്റ്റംബർ 20-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് നടക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പറിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ- മെയിലിലോ ബന്ധപ്പെടുക.